പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 628 | 08/08/2017-ൽ മറുപടിക്ക്

**മുണ്ടക്കളം സെക്ഷൻ ഓഫീസ്**

| | ചോദ്യം<br><br>**ശ്രീ.ടി. വി. ഇബ്രാഹിം** | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കൊണ്ടോട്ടി നിയോജക മണ്ഡലത്തിലെ നിർദ്ദിഷ്ട മുണ്ടക്കളം സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (എ) & (ബി) | മുണ്ടക്കളത്ത് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് , കെട്ടിടം ആവശ്യമാണ് . ബോർഡ് ചിലവിൽ കെട്ടിടം നിർമ്മിക്കാനുതകുന്ന 10 സെന്റ് ഭൂമി സൌജന്യമായി ലഭിക്കുന്നതോ അല്ലെങ്കിൽ വാടകരഹിത കെട്ടിടമോ ലഭിക്കുന്ന മുറക്ക് മാത്രമേ പുതിയ സെക്ഷൻ ഓഫീസുകളുടെ പ്രവർത്തനം ആരംഭിക്കേണ്ടതുള്ളൂ എന്ന് ബോർഡ് തീരുമാനിച്ചിരുന്നു. മുകളിൽ നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ സ്ഥലമോ സ്ഥിരമായി വാടകയില്ലാതെ സൌകര്യപ്രദമായ ഒരു കെട്ടിടമോ ഇതുവരെ മുണ്ടക്കളം സെക്ഷൻ ഓഫീസിനായി ലഭിച്ചിട്ടില്ല. ഇതിനാൽ ടി സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം തുടങ്ങാൻ സാധിക്കുന്നില്ല. സൌജന്യമായി 10 സെന്റ് ഭൂമി/ വാടകരഹിത കെട്ടിടം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ മുണ്ടക്കളം സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം തുടങ്ങാൻ സാധിക്കുകയുള്ളൂ. |
| (ബി) | നടപടികൾ പൂർത്തീകരിച്ച് ഏത് തീയതിയിൽ മുണ്ടക്കളം സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | | |
| (സി) | കൊണ്ടോട്ടി സെക്ഷൻ വിഭജിച്ച് കൊളത്തൂർ, എടവണ്ണപ്പാറ, ഐക്കരപ്പടി എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കാൻ പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം? | (സി) | സെക്ഷൻ ഓഫീസിന്റെ നിലവിലുള്ള പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ |

| | | | |
|---|---|---|---|
| | | | ഉപഭോക്താക്കൾ 20000-ൽ അധികം ആകുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണഗതിയിൽ പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ബോർഡ് അനുവദിക്കുന്നത്. പുതിയ ഓഫീസ് ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും ഇപ്പോൾ പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നത് പ്രായോഗികമല്ല. , ഇതിനാൽ തന്നെ കൊണ്ടോട്ടി സെക്ഷൻ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള ഓഫീസുകളുടെ പുന:ക്രമീകരണം ബോർഡ് പരിശോധിച്ചു വരികയാണ്. അതോടൊപ്പം ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനുള്ള സംവിധാനങ്ങളും നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ